പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 535** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>സ്പാർക്ക് പി.എം.യു.മായി ബന്ധപ്പെട്ട പരിശോധനാ റിപ്പോർട്ടുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. അനൂപ് ജേക്കബ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** 2016 ഏപ്രിൽ 1 മുതൽ സ്പാർക്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സംബന്ധിച്ച് വിവിധ വകുപ്പുകൾ നടത്തിയ പരിശോധനകളിൽ സാമ്പത്തികവും ഭരണപരവുമായ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തിയതായി ധനകാര്യ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** 2016 ഏപ്രിൽ 1 മുതൽ സ്പാർക്ക് പദ്ധതിയുടെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സംബന്ധിച്ച് വിവിധ വകുപ്പുകൾ നടത്തിയ പരിശോധനകളിൽ **സാമ്പത്തികവും ഭരണപരവുമായ ഗുരുതര ക്രമക്കേടുകൾ** കണ്ടെത്തിയതായി ധനകാര്യ പരിശോധനാ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

**(ബി)** 2016 മുതൽ ഇതുവരെ സ്പാർക്ക് പി.എം.യു. -നെ സംബന്ധിച്ച് ലഭിച്ച പരിശോധനാ റിപ്പോർട്ടുകളുടെ എണ്ണം, റിപ്പോർട്ട് തയ്യാറാക്കിയ വകുപ്പുകൾ, റിപ്പോർട്ടുകളുടെ കാലയളവ് എന്നിവ സംബന്ധിച്ച വിവരം അറിയിക്കുമോ; പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളിൽ കണ്ടെത്തിയ പ്രധാന ക്രമക്കേടുകളും ഗുരുതരമായ അപാകതകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 2016 മുതൽ ഇതു വരെ സ്പാർക്ക് പി.എം.യുവിനെ സംബന്ധിച്ച് 3 പരിശോധന റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്.

1. ധനകാര്യ (പരിശോധന-എൻടിഇ) വിഭാഗം സ്പാർക്ക് പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റ് ഓഫീസിൽ നടത്തിയ 2019 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് (അനുബന്ധം 1)

2. സ്പാർക്ക് പി.എം.യു ഓഫീസിൽ നടത്തിയ മാസ്റ്റർ ട്രെയിനർ നിയമനങ്ങളിൽ അഴിമതിയും സ്വജനപക്ഷപാതവും ആരോപിച്ച് ലഭിച്ച പരാതിയിന്മേൽ ധനകാര്യ പരിശോധന (സാങ്കേതികേതര-ഇ) വിഭാഗം 16/02/2021, 22/02/2021 തീയതികളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് (അനുബന്ധം 2).

3. സ്പാർക്ക് സംവിധാനം ദുരുപയോഗം ചെയ്യപ്പെടുന്നു എന്ന പരാതിയിന്മേൽ സ്പാർക്ക് പി.എം.യു ഓഫീസിലും അനുബന്ധ സ്ഥാപനങ്ങളിലും ധനകാര പരിശോധന (എൻ.ടി-ഇ) വകുപ്പ് നടത്തിയ 2021 ഫെബ്രുവരി 21, 22 തീയതികളിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട് (അനുബന്ധം 3).

പ്രസ്തുത റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ള പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

സ്പാർക്ക് മീറ്റമായി ബന്ധപ്പെട്ട വെബ് സൈറ്റ് ഉണ്ടാക്കുന്നതിനായി ആരോപണ വിധേയനായ മാസ്റ്റർ ട്രൈനറിന് ക്രമവിരുദ്ധമായി സഹായം നൽകിയ Inview Technologies എന്ന സ്ഥാപനം തന്നെയാണ് ഇപ്പോഴും സ്പാർക്കിന്റെ ഒഫീഷ്യൽ ഇൻഫർമേഷൻ വെബ് സൈറ്റ് info.spark.gov.in രൂപകൽപന ചെയ്ത് വികസിപ്പിച്ച് വരുന്നത് ശരിയായ പ്രവണതയല്ല.

- DDO യ്ക്ക് അനുവദിച്ച യൂസർനെയിമും പാസ് വേർഡും ഉപയോഗിച്ച് മറ്റുള്ളവർക്ക് ലോഗിൻ ചെയ്ത് ക്രമക്കേടുകൾ നടത്താനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. കൂടാതെ എല്ലാ സ്ഥാപനങ്ങളിലും ഡിഡിഒ യുടെ പേരിലുള്ള ഒരു യൂസർ ഐ.ഡി. മാത്രമാണ് സ്പാർക്കിൽ അനുവദിച്ചിട്ടുള്ളത്. ആയതിനാൽ Entry തലത്തിലുള്ള ജോലികളുൾപ്പെടെ അംഗീകാരം നൽകലുകളുൾപ്പെടെയുള്ള എല്ലാ ജോലികളും ഡിഡിഒ മാത്രം ചെയ്യേണ്ട അവസ്ഥയാണ് നിലവിലുള്ളത്.

ഒരു ദിവസം ശരാശരി 500 ഓളം കേസുകൾ കൈകാര്യം ചെയ്യുന്ന സ്പാർക്കിൽ കേവലം 5 സർക്കാർ ജീവനക്കാർ മാത്രമേയുള്ളൂ എന്നത് തികച്ചും അപര്യാപ്തമാണ്. സ്പാർക്കിന്റെ സുപ്രധാനമായ ജോലികളെല്ലാം തന്നെ കരാർ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നതെന്നും ഇതിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല എന്നതും അതീവ ഗുരുതരവും ആശങ്കാജനകവുമാണ്.

നിലവിൽ സ്പാർക്കിൽ സേവനമനുഷ്ഠിക്കുന്ന സെക്ഷൻ ഓഫീസർ, രണ്ട് അസിസ്റ്റന്റുമാർ എന്നിവരുടെ തസ്തിക സൃഷ്ടിച്ച് ഇതുവരെ ഉത്തരവായിട്ടില്ലാത്തതിനാൽ ടിയാളുകൾ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലാണ് സേവനമനുഷ്ഠിക്കുന്നത്. അഞ്ചര ലക്ഷത്തോളം സർക്കാർ ജീവനക്കാരുടെ മാനവവിഭവ വിവരങ്ങൾ കൈകാര്യം ചെയ്യുന്ന സുപ്രധാന ഓഫീസിൽ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കാത്തത് സ്പാർക്ക് പ്രവർത്തനത്തെ പ്രതികൂലമയി ബാധിക്കുന്നുണ്ട് .

സ്പാർക്ക് ലെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്ന തസ്തികയായ സിസ്റ്റം അഡ്മിനിസ്റ്റേറ്റർ തസ്തികയിൽ ഒരു കരാർ ജീവനക്കാരനെയാണ് നിയമിച്ചിരിക്കുന്നത് എന്നത് സ്പാർക്ക് വെബ് സൈറ്റിന്റെ സുരക്ഷാ ഭീഷണിയാണ്.

സ്പാർക്ക് പി.എം.യു വിലും കണ്ണൂർ ഓഫീസിലും ജോലി ചെയ്യുന്ന മാസ്റ്റർ ട്രെയിനർമാർ, ജില്ലാ ട്രഷറികളിൽ സേവനമനുഷ്ഠിക്കുന്ന മാസ്റ്റർ ട്രെയിനർമാർ മാർ, മറ്റു ട്രഷറികളിൽ U ആക്സസ് നൽകിയിട്ടുള്ള ട്രഷറി ജീവനക്കാർ എന്നിവർക്ക് ഇന്റർനെറ്റ് സംവിധാനമുള്ള ഏത് സ്ഥലത്തു നിന്നും സാർക്കിൽ ലോഗിൻ ചെയ്ത് വിവരങ്ങൾ പ്രോസസ് ചെയ്യാവുന്ന ഒരു സാഹചര്യമാണ് ഇപ്പോൾ സ്പാർക്കിൽ നിലവിലുള്ളത്. ഇത് അത്യന്തം ഗൌരവതരവും സ്പാർക്കിന്റെ സുരക്ഷയ്ക്ക് വൻ ഭീഷണിയുമാണ്.

സ്പാർക്ക് പി.എം.യു -വിലെ മാസ്റ്റർ ട്രെയിനർമാർക്ക് അനുവദിച്ചിട്ടുള്ള U ആക്സസ് ചില ജില്ലകളിൽ ജില്ലാ ട്രഷറിയിലെ ഒരു സ്റ്റാഫിന് അനുവദിച്ചതായി കാണുന്നു. സ്പാർക്കിലെ സുപ്രധാനമായ മാസ്റ്റർ ട്രെയിനർ U ആക്സസ് സർക്കിന്റെയോ ധനകാര്യ വകുപ്പിന്റെയോ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാത്ത സ്റ്റാഫുകൾക്ക് അനുവദിച്ച നൽകിയത് ഗുരുതര വീഴ്ചയും സ്പാർക്ക് സംവിധാനത്തിന്റെ സുരക്ഷക്ക് വലിയ വെല്ലുവിളിയുമാണ്.

സ്പാർക്ക് വെബ് സൈറ്റ് സെക്യൂരിറ്റി ഭീഷണികളിൽ നിന്ന് മാറ്റി നിർത്തുന്നതിനായുള്ള സെക്യൂരിറ്റി ഓഡിറ്റ് കൃത്യമായ ഇടവേളകളിൽ സ്പാർക്കിൽ നടത്തപ്പെടുന്നില്ല. മാത്രമല്ല, അക്കൗണ്ടന്റ് ജനറലിന്റെ ഇൻഫർമേഷൻ സിസ്റ്റം ഓഡിറ്റും ഇതുവരെ സ്പാർക്കിൽ നടപ്പിലാക്കിയിട്ടില്ല.

ജീവനക്കാരന്റെ സ്പാർക്ക് ഡേറ്റയിലെ വിവരങ്ങൾ തിരുത്തൽ വരുത്തുന്ന സന്ദർഭങ്ങളിൽ ആയത് സംബന്ധിച്ചുള്ള വിവരം ജീവനക്കാരന്റെ മൊബൈൽ നമ്പർ, ഇ-മെയിൽ എന്നിവയിലേക്ക് സന്ദേശമായി ലഭ്യമാക്കാനുള്ള സംവിധാനം നിലവലില്ല.

മാസ്റ്റർ ട്രെയിനർ മുതൽ മാനേജർ വരെയുള്ള വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ ചെയ്യേണ്ട ഉത്തരവാദിത്തങ്ങൾ സംബന്ധിച്ച വ്യക്തമായ സർക്കുലറോ ഓഫീസ് ഓർഡറോ നിലവിലില്ല.

കരാർ നിയമനങ്ങളിൽ പാലിക്കേണ്ട പൊതുവായ നടപടിക്രമങ്ങൾ പാലിക്കാതെ രണ്ട് കരാർ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്.

**(സി)** പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്പാർക്ക് പി.എം.യുവിന്റെ ഭാഗത്തുനിന്നും ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ; റിപ്പോർട്ടുകളിൽ ശിപാർശ ചെയ്ത നടപടികൾ പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** പ്രസ്തുത പരിശോധനാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്പാർക്ക് പി.എം.യുവിന്റെ ഭാഗത്തുനിന്നും ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

- സ്പാർക്ക്, ജി.സ്പാർക്ക്, യുണി സ്പാർക്ക് തുടങ്ങിയവയ്ക്ക് വേണ്ടി ഒരു In - house ഇൻഫർമേഷൻ വെബ്സൈറ്റ് രൂപീകരിക്കുവാൻ ധനകാര്യ(ഐ.റ്റി.എസ്.എഫ്) വകുപ്പിനോട് ആവശ്യപ്പെടുകയും അത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു.

എല്ലാ ഡിഡിഓമാർക്കും ആധാർ അധിഷ്ഠിത ലോഗിൻ സംവിധാനം പ്രാബല്യത്തിൽ വരുത്തുകയും, സ്പാർക്കിലെ വിവരങ്ങൾ കൃത്യമായി എൻട്രി വരുത്തി ഡിഡിഓയ്ക്ക് അംഗീകാരത്തിനായി. സമർപ്പിക്കുന്നതിനായി, നിലവിലുള്ള ഡിഡിഓ യൂസർക്ക് പുറമെ ഡേറ്റ എൻട്രി ലെവലിൽ Establishment യൂസറെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി യൂസറിനും ആധാർ അധിഷ്ഠിത ലോഗിൻ സംവിധാനം പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. (Circular No. 72/2022-Fin Dated: 19-08-2022)

സ്പാർക്ക് ആപ്ലിക്കേഷനിൽ മാസ്റ്റർ ട്രെനർമാർ വരുത്തുന്ന മാറ്റങ്ങളുടെ ലോഗ് ലഭ്യമാക്കുന്ന സംവിധാനം ഏർപ്പെടുത്തി.

U ആക്സസ് അനുവദിച്ചിട്ടുള്ള എല്ലാ ഉപയോക്താക്കൾക്കും അവർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിൽ നിന്നുമാത്രം ലോഗിൻ ചെയ്യാവുന്ന ഇന്റർനെറ്റ് പ്രോട്ടോക്കോൾ (IP) അധിഷ്ഠിത ലോഗിൻ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും, പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് പ്രസ്തുത സംവിധാനം പിന്നീട് ഒഴിവാക്കി.

ട്രഷറികളിലെ ജീവനക്കാർക്ക് അനുവദിച്ച U ആക്സസ് നിർത്തലാക്കിയിട്ടുണ്ട്.

സ്പാർക്ക് ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട സെക്യൂരിറ്റി ഓഡിറ്റ്, ആധാർ ഓഡിറ്റ് എന്നിവ കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്നു.

അക്കൗണ്ടന്റ് ജനറലിന്റെ ഐ.ടി. സിസ്റ്റം ഓഡിറ്റ് സ്പാർക്കിൽ നടപ്പിലാക്കിയിട്ടുണ്ട്.

ജീവനക്കാരന്റെ സ്പാർക്ക് ഡേറ്റയിലെ വിവരങ്ങൾ തിരുത്തൽ വരുത്തുന്ന സന്ദർഭങ്ങളിൽ ആയത് സംബന്ധിച്ചുള്ള വിവരം ജീവനക്കാരന് ഗവൺമെന്റിന്റെ സന്ദേശ് അപ്ലിക്കേഷൻ മുഖേനെ സന്ദേശമായി ലഭ്യമാക്കാനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

സ്പാർക്ക് പി.എം.യുവിന്റെ ആഭിമുഖ്യത്തിൽ പരിശീലന പരിപാടികൾ നടത്തി വരുന്നുണ്ട്.

- സ്പാർക്ക് പി.എം.യു തിരുവനന്തപുരം ഓഫീസിലെ ജീവനക്കാരുടെ ജോലി നിർണ്ണയിച്ച് നൽകിയാണ് പ്രവർത്തനം നടത്തുന്നത്. ടി ജീവനക്കാരുടെ സ്ഥലം മാറ്റം, രാജി എന്നിവ പരിഗണിച്ച് ജോലി ക്രമീകരണം അപ്ഡേറ്റ് ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആരോപണ വിധേയനായ മാസ്റ്റർ ട്രെയിനറെ സ്പാർക്ക് പി.എം.യുവിൽ നിന്ന് പുറത്താക്കിയിരുന്നു

കരാർ നിയമനങ്ങളിൽ പാലിക്കേണ്ട പൊതുവായ നടപടിക്രമങ്ങൾ പാലിക്കാതെ നിയമിച്ചിട്ടുള്ളതായി പരാമർശമുള്ള കരാർ ജീവനക്കാരെ സ്പാർക്ക് പി.എം.യുവിൽ നിന്ന് ഒഴിവാക്കിയിരുന്നു.

മാസ്റ്റർ ട്രൈനറുകളെ എംപ്ലോയ്മെന്റ് എക്സ്ചെയിഞ്ച് വഴി പ്രവേശന പരീക്ഷ നടത്തി നിയമിക്കുന്ന രീതി സ്പാർക്ക് പി.എം.യു വിൽ പ്രാവർത്തികമാക്കിയിരിക്കുന്നു.

മറ്റ് നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ കേസുകളുടെ എണ്ണം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** അനുബന്ധം 1 റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള ആരോപണ വിധേയനായ മാസ്റ്റർ ട്രെയിനറെ 24.11.2018 തീയതിയിൽ സ്പാർക്ക് പി.എം.യു വിൽ നിന്ന് പുറത്താക്കിയിരുന്നു.

**(ഇ)** പ്രസ്തുത റിപ്പോർട്ടുകളിൽ ക്രിമിനൽ സ്വഭാവമുള്ള വീഴ്ചകൾ കണ്ടെത്തിയ സാഹചര്യത്തിൽ പോലീസ് അന്വേഷണം അല്ലെങ്കിൽ വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** സ്പാർക്കിലെ ജീവനക്കാരും മറ്റു ചില വർക്കർ ജീവനക്കാരും ചേർന്ന് സോഷ്യൽ മീഡിയയിൽ ഗ്രൂപ്പുണ്ടാക്കി പ്രശ്നപരിഹാരം എന്ന പേരിൽ സാമ്പത്തികമായും അല്ലാതെയും നേട്ടമുണ്ടാക്കുന്നു എന്ന പരാതി 14.03.2019 തീയതിയിൽ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി കൈമാറുകയും തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

**(എഫ്)** ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാനും സ്പാർക്ക് പി.എം.യു.-ന്റെ പ്രവർത്തനങ്ങളിൽ സുതാര്യത, ഉത്തരവാദിത്തം, ധനകാര്യ നിയന്ത്രണം എന്നിവ ഉറപ്പാക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന അടിയന്തര നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സ്പാർക്ക് പി.എം.യുവിന്റെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പാക്കുന്നതിനായി, സ്പാർക്കിലെ ദിവസവേതന/കരാർ നിയമനങ്ങൾ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് സുതാര്യമായി നടത്തുന്നതിനും, ബന്ധപ്പെട്ട ഫയലുകൾ സ്പാർക്കിന്റെ ഭരണച്ചുമതലയുള്ള ധനകാര്യ ഭരണവിഭാഗം ജോയിന്റ് സെക്രട്ടറി/അഡീഷണൽ സെക്രട്ടറി മുഖേന മാത്രമേ സമർപ്പിക്കാവൂ എന്നുമുള്ള നിർദ്ദേശം സ്പാർക്ക് പി.എം.യുവിന് നൽകിയിരുന്നു. തുടർന്ന് നടത്തിയ എല്ലാ നിയമനങ്ങളിലും പ്രസ്തുത നിർദ്ദേശം പാലിച്ചുവരുന്നു._

**സെക്ഷൻ ഓഫീസർ**